**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4341**

**21.03.2018-ൽ മറുപടിക്ക്**

**തൃശ്ശൂർ ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തിക**

**ചോദ്യം**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സ.ഉ.(അ)/13/2015/ഉ.ഭ.പ.വ തിരുവനന്തപുരം തീയതി 21/03/2015 പ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് തൃശ്ശൂർ ജില്ലയിൽ എത്രപേരെ നിയമിച്ചു; | എ) | 113 സൂപ്പർ ന്യൂമററി ഒഴിവുകളിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് തൃശ്ശൂർ ജില്ലയിൽ ജോലിയിൽ തുടരുന്നവരിൽ, 06/07/2012 തീയതിയിലെ സ.ഉ (എം.എസ്) നം.174/12 /പൊ.ഭ.വ , 02/09/2013 തീയതിയിലെ സ.ഉ(എം.എസ്) നം.249/13/പൊ.ഭ.വ എന്നീ ഉത്തരവുകളനുസരിച്ച് എത്ര പേരുടെ സേവനം ക്രമവത്ക്കരിച്ച് ഉത്തരവായിട്ടുണ്ട്; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | 21/03/2015 ലെ ഉത്തരവിൻ പ്രകാരം സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തികകളും 06/07/2012 ,02/09/2013 | (സി) യും | ഉണ്ട്. 30.03.2015ൽ നിലവിലുണ്ടായിരുന്ന എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി ഈ |

| | | | |
|---|---|---|---|
| | തീയതികളിലെ ഉത്തരവുകൾ പ്രകാരം സേവനം ക്രമവത്ക്കരിക്കുന്നതിനായി ഉപയോഗിച്ച ഒഴിവുകളും, 2015 മാർച്ചിൽ നിലവിൽ വരുകയും 2018 മാർച്ച് മാസം കാലാവധി അവസാനിക്കുകയും ചെയ്യുന്ന കാറ്റഗറി നം. 218/2013 ആയ എൽ.ഡി.ക്ലാർക്ക് റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ഉടലെടുത്തിട്ടുള്ളതാണെന്നും, ഇവ നിലവിലെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് ലഭിക്കേണ്ടതായിരുന്നു എന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) യും | റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30.03.2015ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടായിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ ന്യൂമറി തസ്തികകൾ സൃഷ്ടിച്ചും നിയമനം നടത്തിയിരുന്നു. ഇപ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെ ഇപ്പോൾ നിലവിലുള്ള (31.03.2015ൽ നിലവിൽ വന്നത്) എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഉണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ, നിലവിലെ എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എൽ.ഡി.സി.റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഓരോ ജില്ലയിലും ഉണ്ടാവുന്ന മുഴുവൻ ഒഴിവുകളും യാതൊരു കാലതാമസവും കൂടാതെ തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ |
| (ഡി) | 2018 മാർച്ച് 30 ന് കാലാവധി അവസാനിക്കുന്ന നിലവിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് പി.എസ്.സി. യോട് ശിപാർശ ചെയ്യാൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ എന്നറിയിക്കാമോ ? | | |

| | | | |
|---|---|---|---|
| | | | വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13.12.2017-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും കൂടാതെ ടി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റനിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27.03.2018 നകം തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 17.03.2018-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ